# നവകേരള സദസ്സ്

## പ്രൊസീഡിംഗ്സ് നമ്പർ- BPIDK30604000001 / IVO -3, LSGD ,Idukki dtd 29.01.2024

മരിയാപുരം ഗ്രാമപഞ്ചായത്തിൽ നായരുപാറ കരയിൽ പാറശ്ശേരിൽ വീട്ടിൽ സന്തോഷ് ജോസ് എന്നയാൾ ഇടുക്കി ടൗണിൽ പണി കഴിപ്പിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ .

9-ാം വാർഡിൽ ഒരു കെട്ടിടം പണിയുന്നതിന് 02.02.2018 ൽ A5/BA/53903/2018 -ാം നമ്പരായി ശ്രീ. സന്തോഷ് ജോസിന് പെർമിറ്റ് ലഭിച്ചിരുന്നു. ടി. സ്ഥലത്ത് ടിയാന്റെ പിതാവിന്റെ പേരിൽ പഞ്ചായത്തിൽ കെട്ടിട നികുതി അടച്ച വരുന്ന നാല് കടമുറികൾ പൊളിച്ച് പണിയുന്നതിനാണ് ടി. പെർമിറ്റ് ലഭിച്ചത് എന്ന് ശ്രീ. സന്തോഷ് പറയുന്നു. തുടർന്ന് പണി പൂർത്തിയായ കെട്ടിടത്തിന് നമ്പരിനായി പഞ്ചായത്തിനെ സമീപിച്ചപ്പോൾ നിർമ്മാണത്തിൽ വ്യത്യാസം ഉണ്ടെന്ന് പറഞ്ഞ് പഞ്ചായത്ത് നമ്പർ നൽകിയിട്ടില്ല. ടി കെട്ടിട നിർമ്മാണത്തിൽ ഉണ്ടായിട്ടുള്ള ന്യൂനതകൾക്ക് പിഴ അടക്കുവാൻ തയ്യാറാണ്. ടി. നിർമ്മാണത്തിന് വേണ്ടി ബാങ്കിൽ നിന്ന് അഞ്ച് വർഷം മുമ്പ് എടുത്തിട്ടുള്ള വായ്പ കുടിശ്ശിക ആണ്. ആയതിനാൽ ഫൈൻ ഈടാക്കിക്കൊണ്ട് കെട്ടിടത്തിന് നമ്പർ അനുവദിക്കണമെന്നുള്ളതാണ് പരാതി സംഗതി.

## സെക്രട്ടറിയുടെ റിപ്പോർട്ട്

02.02.2018 ൽ A5-BA(53903)/2018 നമ്പരായി ടിയാന് കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിരുന്നു. നിർമ്മാണം പൂർത്തീകരിച്ച കെട്ടിടത്തിന് നമ്പർ ലഭിക്കുന്നതിന് 12.04.2021 ൽ അപേക്ഷ സമർപ്പിക്കുകയും സ്ഥലം പരിശോധിച്ചപ്പോൾ കെട്ടിട നിർമ്മാണത്തിൽ കണ്ട അപാകതകൾ കാണിച്ച് 10.05.21 ൽ ടിയാന് മറുപടി നൽകിയിരുന്നു. തുടർന്ന് ടിയാൻ 24.09.21 ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിക്ക് അപേക്ഷ നൽകിയത് പ്രകാരം വീണ്ടും അസി.എഞ്ചിനീയർ എൽ.എസ്.ജി.ഡി അന്വേഷണം നടത്തുകയും കെട്ടിടത്തിന് റോഡിൽ നിന്നും ദൂരം മൂന്ന് മീറ്ററിൽ കുറവാണ്, കെട്ടിടത്തിന്റെ ഒരു വശത്തെ ദൂരം KPBR റൂൾ പ്രകാരം പാലിച്ചിട്ടില്ല , മഴ വെള്ള സംഭരണി പണിതിട്ടില്ല, വില്ലേജ് ആഫീസിൽ നിന്നും നൽകിയ അളവും സൈറ്റിലെ അളവും തമ്മിൽ വ്യത്യാസം ഉള്ളതായി കാണുന്നു, സർവ്വേ സ്കെച്ചിലെ വിസ്തീർണ്ണവും പ്ലാനിൽ രേഖപ്പെടുത്തിയ വിസ്തീർണ്ണവും തമ്മിൽ വ്യത്യാസമുള്ളതായി കാണുന്നു, മേൽ കെട്ടിടം ഗ്രൂപ്പ് എഫ് - വാണിജ്യ കെട്ടിടങ്ങൾ എന്ന കാറ്റഗറിയിൽ എന്നാണ് കാണിച്ചിട്ടുള്ളത്, എന്നാൽ ഇത്തരം കെട്ടിടങ്ങളിൽ വേണ്ട ഭിന്ന ശേഷിക്കാർക്കുള്ള റാംപ് സൗകര്യം ഏർപ്പെടുത്തിയിട്ടില്ല, ടി. കെട്ടിടത്തിന്റെ പുറകു വശത്തായി തുടർ നിർമ്മാണത്തിനുള്ള ബീമുകളും കമ്പിയും പുറത്തേക്ക്

തള്ളിയിട്ടുള്ളതായി കാണുന്നു, എന്നാൽ ഈ പ്ലോട്ടിൽ ഇനി തുടർ നിർണത്തിനുള്ള സ്ഥലം ലഭ്യമല്ല തുടങ്ങിയ അപാകതകൾ രേഖപ്പെടുത്തി 23.10.21 ൽ റിപ്പോർട്ട് നൽകിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് പ്രകാരം 05.11.21 ലെ പഞ്ചായത്ത് കമ്മിറ്റി വിഷയം ചർച്ച ചെയ്യുകയും 28/1 നമ്പർ തീരുമാന പ്രകാരം ടിയാളുടെ അപേക്ഷ നിരസിച്ചിട്ടുള്ളതുമാണ്.

## തീരുമാനം

ബഹു. സർക്കാരിന്റെ 09.02.2024 തീയതിയി ലെ സ.ഉ (പി) നമ്പർ 21/2024/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവ് പ്രകാരം അപേക്ഷ സ്വീകരിച്ച് ടി. നിർമ്മാണം ക്രമവത്കരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിക്ക് ശുപാർശ ചെയ്യുന്നു. ആയതിന് അപേക്ഷകൻ സൂചന ഉത്തരവ് പ്രാകാരമുള്ള ഒരു അപേക്ഷ ഉടൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതും ആയതിന്മേൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമാനുസൃതമായുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകി കൊണ്ട് ഫയൽ നടപടികൾ അവസാനിപ്പിച്ച് തീരുമാനിച്ചു.

പി.എം. അബ്ദുൾ സമദ്,

ഇന്റേണൽ വിജിലൻസ് ഓഫീസർ-2&3,

തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603